**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3255** **26-06-2024 - ൽ മറുപടിയ്ക്ക്**

**ചെറുവത്തൂർ വീരമലക്കുന്ന് - ടൂറിസം വികസന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ വീരമലക്കുന്ന് കേന്ദ്രീകരിച്ചുള്ള ടൂറിസം വികസനവുമായി ബന്ധപ്പെട്ട് എന്തൊക്കെ പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്നും കവ്വായി കായലും അനുബന്ധ ഗ്രാമങ്ങളും ഉൾപ്പെടുത്തി ടൂറിസം പദ്ധതികൾ നടപ്പിലാക്കുമോയെന്നും വ്യക്തമാക്കാമോ? | (എ) | 05.06.2024ലെ സ.ഉ.(കൈ)നം. 89/2024/RD നമ്പർ ഉത്തരവ് പ്രകാരം, വീരമലക്കുന്ന് ടൂറിസം പദ്ധതിക്കായി റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള കാസർഗോഡ് ജില്ല, ഹോസ്ദുർഗ്ഗ് താലൂക്കിലെ ചെറുവത്തൂർ വില്ലേജിൽ റീസർവ്വേ നമ്പർ 70/1 ഉൾപ്പെട്ട 3.6899 ഹെക്ടർ(9.1140 ഏക്കർ)എ.ഡബ്ല്യൂ വിഭാഗത്തിൽപ്പെടുന്ന സർക്കാർ ഭൂമി വിനോദസഞ്ചാര വകുപ്പിന് കൈമാറി നൽകിയിട്ടുണ്ട്. റവന്യൂ വകുപ്പിന്റെ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി സ്ഥലം ഏറ്റെടുത്ത് അടിയന്തര തുടർ നടപടികൾ സ്വീകരിക്കാൻ വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രോപ്പോസൽ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>കവ്വായി കായലും അനുബന്ധ ഗ്രാമങ്ങളും ഉൾപ്പെടുത്തി ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്ന കാര്യം പരിശോധിക്കാം. |

സെക്ഷൻ ഓഫീസർ